**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 556** **05.06.2018 ൽ മറുപടിക്ക്.**

**ജി.എസ്.ടി.അവലോകനം**

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയശേഷം ഏകദേശം ഒരു വർഷം പൂർത്തിയാകുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | ജി.എസ്.ടിയിൽ റിട്ടേണുകൾ അതിന്റെ പൂർണ്ണമായ രീതിയിൽ ഫയൽ ചെയ്യപ്പെടാത്തതിനാലും റിട്ടേണുകളിലെ വിവരങ്ങൾ പൂർണ്ണമായി സംസ്ഥാനത്തിന് ലഭ്യമാകാത്തതിനാലും ഇവ തമ്മിലുള്ള സൂക്ഷ്മ പരിശോധന നടത്തുവാനും നികുതി പിരിവിന്റെ കുറവിനെക്കുറിച്ചുള്ള അവലോകനം നടത്തുവാനും കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. |
| (ബി) | ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധനവ് ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ജി.എസ്.ടി പ്രാപ്യാധിഷ്ഠിത ഉപഭോക്തൃ നികുതി ആയതിനാൽ കേരളത്തെപ്പോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ഗണ്യമായ നികുതി വർദ്ധന ഉണ്ടാകുമെന്നാണ് തുടക്കത്തിൽ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ആ തരത്തിലുള്ള നികുതി വർദ്ധന ഇതുവരെയും ലഭ്യമായിട്ടില്ല. ഇതിന് പല കാരണങ്ങളുണ്ട്. ജി.എസ്.ടി നടപ്പിലായിട്ട് പത്തുമാസത്തോളമായെങ്കിലും ഇതുവരെയും റിട്ടേൺ ഫയലിംഗ് പൂർണ്ണമായിട്ടില്ല. നിലവിൽ വിശദാംശങ്ങൾ ക്രോഡീകരിച്ച ലളിതമായ 3 ബി റിട്ടേൺ ആണ് വ്യാപാരികൾ ഫയൽ ചെയ്യുന്നത്. ഇതിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ ആധികാരികത ഉറപ്പ് വരുത്താൻ വകുപ്പിന് പരിമിതികളുണ്ട്. കൂടാതെ എസ്.ജി.എസ്.ടി അടയ്ക്കുന്നതിന് ഉപയോഗിക്കുന്ന ഐ.ജി.എസ്.ടി |

| | | | |
|---|---|---|---|
| | | | ക്രെഡിറ്റിന്റെ കൃത്യത ഉറപ്പ് വരുത്താൻ സംസ്ഥാനത്തിന് സാധിക്കുന്നില്ല. ജി.എസ്.ടി നടപ്പിലായപ്പോൾ വിവക്ഷിച്ചിരുന്ന റിട്ടേണുകളായ ജി.എസ്.ടി.ആർ 1, 2, 3 എന്നിവയിൽ 1 മാത്രമേ ഇതുവരെ നടപ്പിലാക്കിയിട്ടുള്ളൂ. ഇതു പ്രകാരം വ്യാപാരികളുടെ ചരക്കു കൈമാറ്റങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ സംസ്ഥാനത്തിന് ലഭ്യമാകുന്നത് തുലോം പരിമിതമാണ്. ജി.എസ്.ടി.എൻ ൽ ലഭ്യമായ വിശദാംശങ്ങൾ സംസ്ഥാനങ്ങൾക്ക് കാലപരിമിതിയില്ലാതെ ലഭ്യമാക്കണമെന്നും പൂർണ്ണ റിട്ടേൺ എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കണമെന്നും കേരളം ജി.എസ്.ടി കൗൺസിലിൽ ശക്തമായി ഉന്നയിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളുടെ ജി.എസ്.ടി നിലവിൽ വരുന്നതിനു മുമ്പുള്ള നികുതി പിരിവ് പരിഗണിച്ചാണ് ജി.എസ്.ടിയുടെ റവന്യൂ ന്യൂട്രൽ റേറ്റ് നിശ്ചയിച്ചത്. ഇത് 28% ആയിരുന്നു. വാറ്റ് കാലഘട്ടത്തിൽ കേരളത്തിന്റെ മൊത്തം വാറ്റ് നികുതി പിരിവിന്റെ 75% ൽ കൂടുതൽ ലഭ്യമായിരുന്നത് 14.5% നികുതി നിരക്കുള്ള ചരക്കുകളിൽ നിന്നായിരുന്നു. 22-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനത്തെത്തുടർന്ന് 195 ഓളം ചരക്കുകളുടെ നികുതി നിരക്ക് 28% ൽ നിന്ന് 18% ആയി കുറവ് ചെയ്യുകയുണ്ടായി. ഇതും സംസ്ഥാനത്തിന്റെ നികുതി പിരിവ് ഉദ്ദേശിച്ച നിലയിൽ എത്താതിരിക്കുന്നതിനുള്ള ഒരു കാരണമാണ്. കൂടാതെ ജി.എസ്.ടി നടപ്പിലായപ്പോൾ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. ആഗസ്റ്റ് മാസത്തിൽ തന്നെ അന്തർസംസ്ഥാന വ്യാപാരങ്ങളുടെ വിവരം ലഭ്യമാകുന്ന ഓൺലൈൻ ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാകുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും ഇത് 2018 ഏപ്രിൽ 1 മുതൽ മാത്രമേ നടപ്പിലായുള്ളൂ. ഇതു കുറേയൊക്കെ നികുതി വെട്ടിപ്പിന് |

<table>
<tr>
<td></td>
<td></td>
<td></td>
<td>കാരണമായിട്ടുണ്ട്.<br>റിട്ടേൺ ഫയലിംഗ് പൂർണ്ണതോതിൽ നടപ്പിലാവുകയും ഇ-വേ ബിൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നതോടെ സംസ്ഥാനത്തിന്റെ ജി.എസ്.ടി നികുതി പിരിവ് ഗണ്യമായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br>ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം 2015-16 നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി കേരളത്തിന്റെ ദ്വൈമാസ നികുതി 3644 കോടി രൂപയായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ്, 2017 മുതൽ ഫെബ്രുവരി 2018 വരെയുള്ള കാലയളവിലേയ്ക്ക് കേരളത്തിന് നഷ്ടപരിഹാരമായി 2485 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ വാറ്റ് നികുതി പിരിവ് വർദ്ധന ശരാശരി 12% ആണെന്നിരിക്കെ ജി.എസ്.ടിയിൽ 14% നിരക്കിൽ നഷ്ടപരിഹാരം ലഭ്യമായതിനാൽ ജി.എസ്.ടി നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് പറയാൻ സാധ്യമല്ല.</td>
</tr>
<tr>
<td>(സി)</td>
<td>ജി.എസ്.ടി. കോമ്പൻസേഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട നഷ്ടപരിഹാരം കൃത്യമായി ലഭിക്കുന്നുണ്ടോ; എങ്കിൽ എന്ത് തുകയാണ് ഈയിനത്തിൽ ഇതുവരെ ലഭിച്ചതെന്ന് അറിയിക്കുമോ;</td>
<td>(സി)</td>
<td>ജി.എസ്.ടിയിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള കോമ്പൻസേഷൻ ദ്വൈമാസ കണക്കിലാണ് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നത്. ഇതനുസരിച്ച് 2018 മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിലെ കോമ്പൻസേഷൻ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>മാസം</th><th>കോമ്പൻസേഷൻ</th></tr>
<tr><td>ജൂലൈ- ആഗസ്റ്റ്</td><td>810.00 കോടി</td></tr>
<tr><td>സെപ്റ്റംബർ- ഒക്ടോബർ</td><td>395.00 കോടി</td></tr>
<tr><td>നവംബർ- ഡിസംബർ</td><td>713.00 കോടി</td></tr>
</table>
</td>
</tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>ജനുവരി- ഫെബ്രുവരി</td><td>567.00 കോടി</td></tr>
<tr><td>മാർച്ച്</td><td>330.00 കോടി</td></tr>
</table>
എന്നാൽ സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി വരുമാനവും നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് അവലംബിച്ച തുകയും തമ്മിൽ ചില വ്യതിയാനങ്ങൾ കാണപ്പെട്ടതിനാൽ കൂടുതൽ നഷ്ടപരിഹാരം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.
</td>
</tr>
<tr>
<td>ഡി)</td>
<td>ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തെ നികുതി പിരിവ് സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഈ മാറ്റത്തിലൂടെ സംസ്ഥാനം വിഭാവനം ചെയ്ത രീതിയിൽ 25 ശതമാനം നികുതി വർദ്ധനവ് നേടുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?</td>
<td>ഡി)</td>
<td>വാറ്റിൽ നിന്നും വ്യത്യസ്തമായി ജി.എസ്.ടി യിൽ dual taxation system ആണ്. ഇതനുസരിച്ച് ഒരേ സമയം സംസ്ഥാനത്തിനും കേന്ദ്രത്തിനും നികുതി പിരിക്കാൻ അവകാശമുണ്ട്. കേന്ദ്രത്തിന്റെ കൈവശമുണ്ടായിരുന്ന സർവ്വീസ് മേഖലയിലെ നികുതി പിരിവിന് സംസ്ഥാനങ്ങൾക്കും, സംസ്ഥാനങ്ങൾക്ക് അധികാരമുണ്ടായിരുന്ന ചരക്കുകളുടെ നികുതി പിരിക്കുന്നതിന് കേന്ദ്രത്തിനും അധികാരം ലഭിച്ചു. ഇതുസരിച്ച് ഒന്നരക്കോടിക്കു താഴെ വിറ്റുവരവുള്ള ഫയലുകൾ 90% സംസ്ഥാനത്തിനും 10% കേന്ദ്രത്തിനും വീതിച്ചു നൽകിയിട്ടുണ്ട്. ഒന്നരക്കോടിക്കു മുകളിൽ വിറ്റുവരവുള്ള ഫയലുകൾ 50% സംസ്ഥാനത്തിനും 50% കേന്ദ്രത്തിനും തുല്യമായി വിഭജിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് മാത്രമായി ഏതെങ്കിലും പ്രത്യേക സാധനങ്ങൾക്കോ സേവനങ്ങൾക്കോ നികുതി കിഴിവോ നികുതി ഒഴിവാക്കലോ ചെയ്യാനാവില്ല. ഇതിന് ജി.എസ്.ടി കൗൺസിലിന്റെ അനുമതി ആവശ്യമാണ്.<br><br>2018 ഏപ്രിൽ 1 മുതൽ അന്തർ സംസ്ഥാന ചരക്ക നീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള ചരക്ക നീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്.<br><br>വിവിധ സംസ്ഥാനങ്ങളുടെ ജി.എസ്.ടി നിലവിൽ വരുന്നതിനു മുമ്പുള്ള നികുതി പിരിവ് പരിഗണിച്ചാണ് ജി.എസ്.ടിയുടെ റവന്യൂ ന്യൂട്രൽ</td>
</tr>
</table>

| | | | |
|---|---|---|---|
| | | | റേറ്റ് നിശ്ചയിച്ചത്. ഇത് 28% ആയിരുന്നു. വാറ്റ് കാലഘട്ടത്തിൽ കേരളത്തിന്റെ മൊത്തം വാറ്റ് നികുതി പിരിവിന്റെ 75% ൽ കൂടുതൽ ലഭ്യമായിരുന്നത് 14.5% നികുതി നിരക്കുള്ള ചരക്കുകളിൽ നിന്നായിരുന്നു. 22-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനത്തെത്തുടർന്ന് 195 ഓളം ചരക്കുകളുടെ നികുതി നിരക്ക് 28% ൽ നിന്ന് 18% ആയി കുറവ് ചെയ്യുകയുണ്ടായി. ഇതും സംസ്ഥാനത്തിന്റെ നികുതി പിരിവ് ഉദ്ദേശിച്ച നിലയിൽ എത്താതിരിക്കുന്നതിനുള്ള ഒരു കാരണമാണ്.<br>കൂടാതെ ജി.എസ്.ടി നടപ്പിലായപ്പോൾ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. ആഗസ്റ്റ് മാസത്തിൽ തന്നെ അന്തർസംസ്ഥാന വ്യാപാരങ്ങളുടെ വിവരം ലഭ്യമാകുന്ന ഓൺലൈൻ ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാകുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും ഇത് 2018 ഏപ്രിൽ 1 മുതൽ മാത്രമേ നടപ്പിലായുള്ളൂ. ഇതു കുറേയൊക്കെ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ